പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1928 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. യാത്രക്കാർ വഴി കള്ളനോട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം.ഷാജി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കള്ളനോട്ട് ലോബികൾ കെ. എസ്.ആർ.ടി.സി. യാത്രക്കാർ വഴി കള്ളനോട്ട് മാറുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | കള്ളനോട്ട് ലോബികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടില്ല. എന്നാൽ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്ന് SBI പുത്തൻചന്ത ബ്രാഞ്ചിൽ അടച്ച കളക്ഷൻ തുകയിൽ 200/- രൂപയുടെ 26 കള്ളനോട്ടുകൾ കണ്ടെത്തിയത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കെ.എസ്. ആർ.ടി.സി ആഡിറ്റ് വിഭാഗം അന്വേഷണം നടത്തിവരികയാണ്. |
| (ബി) | ബാങ്കുകളിൽ പോലും ഇവ കൃത്യമായി കണ്ടുപിടിക്കാനുള്ള സാങ്കേതിക വിദ്യ നിലവിലില്ലാത്ത സാഹചര്യത്തിൽ യാത്രവേളകളിൽ ലഭിക്കുന്ന ഇത്തരം നോട്ടുകളുടെ ഉത്തരവാദിത്തത്തിൽ നിന്ന് കണ്ടക്ടർമാരെ ഒഴിവാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; | (ബി) യും (സി) യും | കള്ളനോട്ടുകൾ കണ്ടുപിടിക്കുന്നതിലേക്കായി RBI മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കള്ളനോട്ട് കണ്ടുപിടിക്കുന്നതിനായി ബാങ്കുകളിലും, KSRTC കൗണ്ടറുകളിലും Fake Note Detecting Machine – കൾ സ്ഥാപിച്ചിട്ടുണ്ട്. കള്ളനോട്ട് കൈവശം വയ്ക്കുന്ന കാര്യത്തിൽ ആരേയും ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) | ഇല്ലെങ്കിൽ ഇത്തരം കള്ളനോട്ടുകളുടെ ബാധ്യതയിൽ നിന്ന് കണ്ടക്ടർമാരെ ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ